**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് -തളിപ്പറമ്പ് നഗരസഭയിൽ ആധുനിക രീതിയിലുള്ള ടൗൺ ഹാൾ നിർമ്മിക്കുന്നത് -കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നതിന് സർക്കാർ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1264/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 20.06.2019.

പരാമർശം:- 1 . 29.07.2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147 2009 ത.സ്വ.ഭ.വ

2. നഗരകാര്യ ഡയറക്ടറുടെ 01/02/2019 ലെ ജി3/22386 2018 നമ്പർ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ് നഗരസഭയുടെ ആസ്തിയിൽപ്പെട്ട സ്ഥലത്ത് ആധുനിക രീതിയിലുള്ള ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി ഏകദേശം 6,21,00000 -(ആറ് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ) ചിലവ് വരുമെന്നും അതിന്റെ 80% തുകയായ 4,96,80000/ -രൂപ കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും 11 % പലിശ നിരക്കിൽ ,നഗരസഭാ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക്,തളിപ്പറമ്പ് ദേശത്ത്, സർവ്വെ നം.101/2 ൽ പെട്ട 2 ഏക്കർ 23.5 സെന്റ് സ്ഥലം ജാമ്യ വസ്തുവായി നല്കിക്കൊണ്ട് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) അനുസരിച്ച് ലോണെടുക്കുന്നതിനായി സർക്കാർ അനുമതി നല്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം പരാമർശം (2) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ തളിപ്പറമ്പ് നഗരസഭയുടെ ആസ്തിയിൽപ്പെട്ട സ്ഥലത്ത് ആധുനിക രീതിയിലുള്ള ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി 4,96,80000 -രൂപ കെ.യു.ആർ.ഡി.എഫ്.സി എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നും 11 % പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം തളിപ്പറമ്പ് നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരസഭ ചെയർമാൻ /സെക്രട്ടറി , തളിപ്പറമ്പ് നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/303/17
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്